പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നമ്പർ 2495 | 06/12/2018 ൽ<br>മറുപടിക്ക് |

**ചവറ കെ.എം.എം.എൽ**

| | |
|---|---|
| ചോദ്യം<br>ശ്രീ.എൻ. വിജയൻ പിള്ള | മറുപടി<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| ചവറ കെ,എം.എം.എൽ-ന്റെ പരിസരപ്രദേശത്ത് 180 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടിയുടെ വിശദവിവരം അറിയിക്കുമോ? | കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് കമ്പനിയിലെ മലിനീകരണം രൂക്ഷമായ ചവറ, പന്മന വില്ലേജുകൾ ഉൾപ്പെടുന്ന പ്രദേശത്ത് ഒരു മിനറൽ ഡെവലപ്മെന്റ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള കിൻഫ്രയുടെ പ്രൊപ്പോസലിന് 17.10.2017 ലെ സ.ഉ(കൈ)നം.102/2017/വ്യവ പ്രകാരം 180.84 ഏക്കർ സ്ഥലം നെഗോഷിയേറ്റഡ് പർച്ചെയ്സ് നടപടികൾ പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. 18.11.2017 ലെ ജി.ഒ.(ആർ.റ്റി)നം4927/17/ആർ.ഡി ഉത്തരവ് പ്രകാരം ടി ഭൂമി നെഗോഷ്യേറ്റഡ് പർച്ചേയ്സ് പ്രകാരം ഏറ്റെടുക്കുന്നതിന് കൊല്ലം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. എന്നാൽ പ്രസ്തുത സ്ഥലം ഭൂ ഉടമകൾ വിട്ടുനൽകാൻ വിസമ്മതം അറിയിച്ചതിനെ തുടർന്ന് മലിനീകരണം രൂക്ഷമായിട്ടുള്ള ടി ഭൂമി ഏറ്റെടുക്കുന്നതിന് LAR Act 2013 പ്രകാരം അനുമതി നൽകണമെന്നാവശ്യപ്പെട്ട് കൊല്ലം ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ